Page 1 of 1

ഉറപ്പുവരുത്തുന്നതിനാൽ കൂടുതൽ ജനങ്ങൾക്ക് അവ ആവശ്യാനുസരണം ലഭ്യമായി. 2012 വർഷം കൈകാര്യം ചെയ്ത ഭക്ഷ്യ ധാന്യങ്ങളേക്കാൾ ഇരട്ടിയോളം ഭക്ഷ്യധാന്യങ്ങൾ 2013-ൽ സപ്ലൈകോ കൈകാര്യം ചെയ്തു. ആയതിനാൽ വില പുനർനിർണ്ണയം ചെയ്തുവെങ്കിലും കൂടുതൽ സബ്സിഡി സാധനങ്ങൾ എത്തിക്കുകവഴി കൂടുതൽ ജനങ്ങൾക്ക് ഈ നടപടി ആശ്വാസകരമായി. തന്മൂലം വിപണി ഇടപെടൽ ഫലപ്രദമായതിനു പുറമെ പൊതു വിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുവാനും സാധിച്ചു.

ഫ്രീ റവന്യൂ സർവ്വെ അദാലത്തുകൾ

11 (*251) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും ഫ്രീ റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി ; വിശദമാക്കുമോ ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) എല്ലാ ജില്ലകളിലും ഫ്രീ റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടില്ല. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, കാസർഗോഡ്, വയനാട്, കോട്ടയം എന്നീ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.

(ബി) തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി തീർപ്പ് കല്പിക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(സി) 72 ശതമാനത്തോളം പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 200/10/റവന്യൂ തീയതി 31-5-2010 പ്രകാരം ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസീൽദാർ മുഖേന തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതനുസരിച്ച് ബന്ധപ്പെട്ട താലൂക്കാഫീസുകളിൽ എൽ.ആർ.എം. പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly